61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 944 Participant Code: 103

## നവമാധ്യമങ്ങളും മലയാളികളുടെ സാമൂഹ്യജീവിതവും

പണ്ടുപണ്ട്, മനുഷ്യനും യന്ത്രമനുഷ്യനും തോളോടുതോൾ ചേർന്ന് പ്രവർത്തിക്കുന്ന ആധുനികയുഗത്തിനുമുമ്പ്; അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊടികുത്തിവാണിരുന്ന മധ്യകാലഘട്ടത്തിനുമുമ്പ്; തീയും ചക്രവും കൃഷിരീതികളുമെല്ലാം കണ്ടുപിടിക്കുന്നതിനുംമുമ്പ്...... അന്നും ഇവിടെ മനുഷ്യർ ജീവിച്ചിരുന്നു. എന്നാൽ നമുക്ക് അവരെക്കുറിച്ചുള്ള നമ്മുടെ അറിവുകൾ പരിമിതമാണ്. ഈ പരിമിതമായ അറിവുകളോ ഗുഹാചിത്രങ്ങളിൽനിന്നും അവരുടെ ഭൗതിക അവശിഷ്ടങ്ങൾ പഠനത്തിനുവിധേയമാക്കിയുമെല്ലാം നേടിയതും. തങ്ങൾ ഇവിടെ ജീവിച്ചിരുന്നു എന്നറിയിക്കാൻ പ്രാചീനമനുഷ്യർ ഭൂമിയിൽ അവശേഷിപ്പിച്ച അടയാളങ്ങൾ! കാലം പിന്നെയും കടന്നുപോയി. ചരിത്രത്തിൽ അനേകം രാജാക്കന്മാരും കവികളും ശാസ്ത്രജ്ഞരും കലാകാരന്മാരുമെല്ലാം പിറന്നു. അവരെല്ലാം വരുംതലമുറയ്ക്ക് അവരെ ഓർമിക്കാൻ എന്തെങ്കിലുമൊക്കെ ഭൂമിയിൽ അവശേഷിപ്പിച്ചു. എന്നാൽ വെറും സാധാരണക്കാരോ? അവർമാത്രം ഒരു ചായക്കൂട്ടിലും

തെളിഞ്ഞില്ല, ഒരു കഥയിലും പ്രത്യക്ഷപ്പെട്ടില്ല, ഒരു കണ്ണാടിയിലും തങ്ങളുടെ പ്രതിബിംബം തീർത്തില്ല. ~~ആരാലും അറിയപ്പെട്ടില്ല~~...

ഇത്തരം സാധാരണക്കാർക്ക് സ്വയം പ്രകാശിപ്പിക്കാനുള്ള ഇടമായി എന്നതാണ് നവമാധ്യമങ്ങളുടെ പ്രസക്തി. ഗ്രഹാംബെല്ലിന്റെ ടെലഫോണിൽ തുടങ്ങി ഇന്ന് മൊബൈൽഫോണുകളിൽ എത്തി പിന്നെയും മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്ന മാധ്യമങ്ങൾ ഇന്ന് സർവ്വമേഖലകളിലേക്കും പടർന്നുകഴിഞ്ഞു. അതിരാവിലെ ചൂടുള്ള ചായമോന്തിക്കൊണ്ട് സസൂക്ഷ്മം അന്നത്തെ ദിനപത്രം ഗൗനിക്കുന്ന കാരണവർ, ടെലവിഷനിലെ വിനോദപരിപാടി കുടുംബസമേതം ആസ്വദിക്കുന്ന വൈകുന്നേരങ്ങൾ, ഒന്നു തലയുയർത്താൻപോലും നേരമില്ലാതെ മൊബൈൽഫോണിൽ 'പി.എച്ച്.ഡി' ചെയ്യുന്ന ചെറുപ്പക്കാർ, കമ്പ്യൂട്ടർ ഗെയിമുകളിൽ അഗ്രഗണ്യരായ കുട്ടികൾ... ഇവയെല്ലാം ഇന്ന് നിത്യകാഴ്ചകളാണ്. കേവലം ഒരു ~~ആശയ~~ സന്ദേശവിനിമയോപാധി അല്ലെങ്കിൽ വിനോദവിധവം എന്നതിൽനിന്നെല്ലാം നവമാധ്യമങ്ങൾ ഏറെ ദൂരം പിന്നിട്ടിരിക്കുന്നു.

മലയാളിക്ക് ഇന്ന് എന്തിനേക്കാളും
അത്യാവശ്യം ~~ഒരു~~ ഈ 'മാധ്യമസുഹൃത്തു'ക്കളെയാണ്.
"ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട" എന്ന
~~പഴ~~മൊഴി പറയുന്നതുപോലെ വേണ്ടവിധം
ഉപയോഗിച്ചാൽ ഇവൻ ഗംഭീരനാണ്, ഇല്ലെങ്കിൽ
ഭീകരനും. ഇവനില്ലെങ്കിൽ വിദേശനാടുകളിലുള്ള
ബന്ധുമിത്രാദികളോട് നമ്മൾ എങ്ങനെ സംവദിച്ചേനേ?
അതും പ്രവാസിജനസംഖ്യ ഏറെയുള്ള നമ്മൾ മലയാളികൾ.
ലോകംമുഴുവൻ ഒരു കൊച്ചുവൈറസിനെ ഭയന്ന്
തങ്ങളുടെ കൂടുകളിൽ പറ്റിയപ്പോൾ 'വെർച്ച്വൽ'ആയെങ്കിലും
ഒരു പഠനം നമ്മുടെ ചുറ്റുമുള്ള ലോകം
വീക്ഷിക്കാനും നമ്മളെ സഹായിച്ചത് അവനല്ലേ?
പാചകവും യോഗയും സംഗീതവും പാശ്ചാത്യവിഷയങ്ങ-
ളുമെല്ലാം അവന്റെ ~~[illegible]~~ കൂടെയല്ലേ നമ്മൾ
ഇക്കാലത്ത് പഠിച്ചത്. എന്തിന് ജോലിചെയ്യുന്നതു-
പോലും അവന്റെ സഹായത്തോടെയായിരുന്നു.
ഈ കൊറോണക്കാലത്തുമാത്രം ഒതുങ്ങിനിൽക്കുന്നതല്ല
ഈ മൈത്രിബന്ധത്തത്.
അവന്റെ സേവനങ്ങൾ ^ എന്ത് കാലത്തും എന്ത്
പലവേഷങ്ങളിൽ
നേരത്തും ^ സാമൂഹ്യമാധ്യമങ്ങൾ നമുക്കൊപ്പമുണ്ട്.
അവൻ നമുക്കൊപ്പം പച്ചക്കറികളും മരുന്നും
'കാർട്ടു'മായെത്തുന്ന
വാങ്ങാൻ ~~കൂട്ടെത്തുന്ന~~, പുതിയ സൗഹൃദങ്ങളും
കണ്ടെത്താനും

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 944 Participant Code: 103

~~ആശയങ്ങളും അറിവുകളും~~ നൽകുന്ന ~~പുതിയ~~
സൗഹൃദങ്ങളും ~~കെട്ടിപ്പടുക്കാൻ~~ പുനഃസ്ഥാപിക്കാനും സഹായിക്കുന്ന,
നമ്മുടെ ഏത് സംശയങ്ങൾക്കും ഉത്തരം നൽകുന്ന,
നമ്മുടെ ആശയങ്ങളും ചിന്തകളും കേൾക്കാൻ കാതോർക്കുന്ന
ഇതിനോളം ഉത്തമനായ ഒരു കൂട്ടുകാരനെ
മറ്റെവിടെ കിട്ടും ?

എന്നാൽ പലപ്പോഴും ഈ
കൂട്ടുകാരനോടുള്ള പ്രിയം പരിധിയിലധികം
വർദ്ധിക്കുമ്പോഴാണ് പ്രശ്നങ്ങൾ ഉടലെടുക്കുന്നത്.
അപ്പോൾ നമുക്ക് വീടും നാടുമെല്ലാം വേണ്ടാതാകുന്നു.
മൊബൈൽഫോണിനപ്പുറത്തെ യഥാർത്ഥ ലോകം
വിസ്മൃതിയിൽ മറയുന്നു. ഇങ്ങനെ ദിവസത്തിന്റെ
ഭൂരിഭാഗവും വെറുതെ ഫോണിൽ കുത്തിമറിഞ്ഞ്
~~ക്രിയാ~~ ~~ക്രിയാത്~~ ക്രിയാത്മകമല്ലാതെ ചിലവഴിക്കു-
ന്നവരാണ് ഭൂരിഭാഗവും. കോവിഡുകാലത്ത്
വീടകങ്ങളിൽ തളച്ചിടപ്പെട്ടപ്പോൾ പലരുടെയും
മാനസികാരോഗ്യം തെറ്റിപ്പോകാതെ സൂക്ഷിച്ചത്
ഇതേ സാമൂഹ്യമാധ്യമങ്ങളാണ് എന്നത് മറന്നുകൊ-
ണ്ടല്ല ഈ വിമർശനം. എങ്കിലും ~~ബുദ്ധിയിൽ~~
നമ്മൾ ഉപയോഗിക്കുന്ന മാധ്യമങ്ങൾ ഇന്ന്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

നമ്മളെ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ് എന്നത്
ദുഃഖപൂർണമായ ഒരു സത്യമാണ്. മൊബൈലിന്റെ
അമിതമായ ഉപയോഗം ഇന്ന് ചെറുപ്പക്കാരിൽ-
പോലും വാർദ്ധക്യസഹജമായ രോഗങ്ങളാണ്
വരുത്തുന്നത്. കാഴ്ചക്കുറവ്, കഴുത്തുവേദന,
തലവേദന, കേൾവിക്കുറവ്, ഓർമ്മക്കുറവ്,
വിശപ്പില്ലായ്മ .. ഇല്ല, ഒരു വൃദ്ധരോഗത്തി-
ന്റെയും ലക്ഷണങ്ങളല്ല ഈ പറഞ്ഞവ. ഒരു
കുഞ്ഞിൽ മൊബൈലിന്റെ ഉപയോഗം വരുത്തുന്ന
വിനകളാണ്. ഇനിയും എന്തെല്ലാം ഈ കൂട്ടത്തിൽ
ഇടംപിടിക്കും എന്നാർക്കറിയാം? കഴിഞ്ഞില്ല.
സാമൂഹ്യജീവിതത്തിലും സാമൂഹ്യമാധ്യമങ്ങളിൽ
ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികളും ഏറെയാണ്.
ഓൺലൈൻ പണത്തട്ടിപ്പുകളും ~~ആൾമാറാട്ടങ്ങളു-~~ വ്യാജപ്രചരണങ്ങളു-
മെല്ലാം ഇപ്പോൾ ഇക്കൂട്ടത്തിലെ നിസ്സാരങ്ങളാണ്.
കഴിഞ്ഞ വർഷങ്ങളിലായി കേരളത്തിൽ അറിവന്ന
ലഹരിയുപയോഗത്തിൽ നടന്ന ഓൺലൈൻ ആത്മഹത്യ-
ശ്രമങ്ങൾക്കുള്ള പങ്ക് നിസ്സംശയം തെളിയിക്കപ്പെ-
ട്ടതാണ്. രാത്രികളിൽ സ്ത്രീകൾ പൊതുവിടങ്ങളിൽ
സഞ്ചരിക്കുന്നതിനെച്ചൊല്ലി ആശങ്കകൾ ചൊരിയുന്നവർ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം
2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 944 Participant Code: 103

ഇരുപത്തിനാലു മണിക്കൂറും നിരത്തിൽ തന്നെ
മൊബൈൽ ആളുകളെ കാണാനില്ല. ഇന്ന്
സാമൂഹിക ഇടങ്ങളിലെ വിദ്വേഷപ്രചരണങ്ങളിൽ
ആത്മവിശ്വാസം അർപ്പിക്കുന്നവരെ കാണാനില്ല.
ഒരു സ്മാർട്ട് ഫോൺ സ്വന്തമാക്കുമ്പോൾ ഒരാളുടെ
നിയമപ്രകാരം ഉറപ്പുനൽകുന്ന ഒരു വ്യക്തിയുടെ
സ്വകാര്യതയ്ക്ക് ഏൽക്കുന്ന ക്ഷതം ഇനിയും ഏറെ
ചർച്ചചെയ്യേണ്ട വിഷയമാണ്. എന്തിനേറെ
പറയുന്നു, ഈയടുത്ത് ആരൊക്കെയോ പെരുനായി-
ട്ടൊരു നരബലി നടത്തിയപ്പോൾ അതിന്റെ
കുട്ടികളെ പരിചയപ്പെടുത്തുമ്പോഴും ഞാൻ ഈ
വലക്കണ്ണികളിലൂടെയല്ലേ?
“ദൈവത്തിനും ~~ച~~ ചെകുത്താനും
പരസ്പരം കാണാനുള്ള കണ്ണാടി” എന്നാണ്
മനുഷ്യനെ ~~കവിയായ~~ അലി കാറുകളേരി
വിശേഷിപ്പിച്ചത്. സാമൂഹ്യമാധ്യമങ്ങൾ മനുഷ്യനും
മനുഷ്യനും പരസ്പരം കാണാനുള്ള കണ്ണാടിയാണ്.
മനുഷ്യന്റെ നന്മകളും തിന്മകളും ഈ കണ്ണാടിയിൽ
പ്രതിഫലിക്കും. അതിൽ ഏത് തിരഞ്ഞെടുക്കണം
എന്നത് ഓരോ വ്യക്തിയുടെയും വിവേചനബോധം

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അനുസരിച്ചിരിക്കും. ഇന്നത്തെ മലയാളിസമൂഹം
വലിയ രീതിയിൽ സാമൂഹ്യമാധ്യമങ്ങൾക്ക് അടിമക-
ളാണ്. ~~ഇത്ര~~ ഏറെ കാര്യക്ഷമമായ ആരോഗ്യപരി-
പാലനമേഖല ഉണ്ടായിട്ടും നമ്മളിലേറെപ്പേരും
പല ജീവിതശൈലീരോഗങ്ങളുടെയും പിടിയിൽപ്പെടു-
ന്നതിന്റെ ഒരു കാരണം ഇതുമാകാം. ഒട്ടേറെ
നല്ല കാര്യങ്ങൾ ചെയ്യാൻ ഉപയോഗിക്കേണ്ട കൗമാര-
ക്കാരുടെയും യുവാക്കളുടെയും സമയവും ഊർജ്ജവും ഈ
മായികലോകത്ത് നഷ്ടപ്പെടുന്നു. ആധുനികസാങ്കേതിക-
~~വിദ്യകളെക്കുറിച്ചുള്ള അറി~~ ~~ഇന്നും~~ സാങ്കേതികവിദ്യ-
കളെക്കുറിച്ചുള്ള അറിവുകൾ ഈ നീരാളിപ്പിടുത്തത്തിൽ
നിന്ന് രക്ഷപ്പെടാൻ നമ്മൾ ഓരോരുത്തരുടെയും
ബോധപൂർവമായ പരിശ്രമം ആവശ്യമാണ്. ഒഴിവുവേള
~~ടെലിവിഷനും കവരുന്ന സമയങ്ങൾ വായനയ്ക്കും~~
~~കായികവിനോദങ്ങൾക്കുമായി~~ ഉപയോഗിക്കാം.
ഇല്ലെങ്കിൽ മനുഷ്യനെ ശാസ്ത്രം ജയിക്കുന്ന ഒരു
നാളെ വിദൂരമല്ല.